# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2458** 14.06.2019-**ൽ മറുപടിക്ക്**

ശാന്തിവനത്തിലൂടെയുള്ള വൈദ്യുതി ലൈൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" പി.ടി. തോമസ്<br>" അൻവർ സാദത്ത്<br>" റോജി എം. ജോൺ | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) എറണാകുളത്തെ ശാന്തിവനത്തിലൂടെ കെ.എസ്.ഇ.ബി.യുടെ 110 കെ.വി. ലൈൻ വലിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക ആഘാതത്തെ കുറിച്ച് അതിന് അനുമതി നൽകുന്നതിന് മുമ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) ശ്രീമതി.മീനാ മേനോന്റെ വസ്തു പരിസ്ഥിതി ലോല പ്രദേശത്തിനോ, നോട്ടിഫൈഡ് ഫോറസ്റ്റിനോ കീഴിൽ വരാത്തതിനാൽ പ്രസ്തുത വസ്തുവിൽകൂടി കെ.എസ്.ഇ.ബി യുടെ 110 കെ.വി ലൈൻ വലിക്കുന്നത് മൂലമുള്ള പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് അതിന് അനുമതി നൽകുന്നതിന് മുമ്പ് പഠനം ആവശ്യമായിട്ടുള്ളതല്ല. കൂടാതെ വനം വകുപ്പ് നടത്തിയ പഠനത്തിൽ പ്രസ്തുത പ്രദേശം സാങ്കേതികമായി വനമല്ലെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ശാന്തി വനത്തിലെ ജൈവ ആവാസ വ്യവസ്ഥയുടെ കാര്യത്തിൽ കോടതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള റിപ്പോർട്ടാണ് കെ. എസ്.ഇ.ബി. നൽകിയത് എന്ന ആക്ഷേപം വസ്തുതാപരമാണോ; | (ബി) അല്ല. |
| (സി) ശാന്തിവനത്തിന്റെ അരികിലൂടെ ജൈവ സമ്പത്തിന് വലിയ കോട്ടം വരാത്ത രീതിയിൽ വൈദ്യുതിലൈൻ വലിക്കാമെന്നിരിക്കെ, വനത്തിന് നടുവിലൂടെ ലൈൻ നിർമ്മിച്ച് ജൈവ സമ്പത്തിന് വൻ നാശമുണ്ടാക്കുന്ന നടപടി കെ. എസ്.ഇ.ബി. | (സി) ചെറായി, പള്ളിപ്പുറം, മുനമ്പം, എടവനക്കാട് എന്നീ പ്രദേശങ്ങളിലെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി 20 വർഷം മുമ്പ് ഭരണാനുമതി ലഭിച്ച പദ്ധതിയാണ് 110 കെ.വി മന്നം ചെറായി പ്രസരണ ലൈനും ചെറായി 110 കെ.വി സബ്സ്റ്റേഷനും. 2008-ൽ ട്രാൻസ്മിഷൻ ലൈനിന്റെ റൂട്ട് സർവ്വേ പൂർത്തിയാക്കുകയും അനുമതി ലഭിക്കുകയും |

സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ ?

ചെയ്തു. തുടർന്നുണ്ടായ നിരവധി പരാതികളെ തുടർന്ന് ജോലി തുടങ്ങുവാൻ സാധിച്ചില്ല. 2013-ൽ ശ്രീമത്.മീനാ മേനോൻ പ്രസ്തുത വസ്തുവിൽകൂടി ലൈൻ വലിക്കുന്നതിനെതിരായി ജില്ലാ കളക്ടർക്ക് പരാതി നൽകുകയും തുടർന്ന് രണ്ട് ഹിയറിംഗുകൾ നടക്കുകയും ചെയ്തു. ടി ഹിയറിംഗിൽ പരാതി നൽകിയ ആളുടെ അഭ്യർത്ഥന പ്രകാരം എ. ഡി.എം. നിർദ്ദേശിച്ചതനുസരിച്ച് കെ. എസ്. ഇ.ബി.എൽ. നിർദ്ദിഷ്ട ടവർ വസ്തുവിന്റെ വടക്കേ അരികിലേക്ക് മാറ്റി ഒരു ആൾട്ടർനേറ്റ് പ്ലാൻ സമർപ്പിച്ചിരുന്നുവെങ്കിലും പരാതി നൽകിയ ആൾ അംഗീകരിക്കുകയുണ്ടായില്ല. കെ. എസ്. ഇ. ബി. എല്ലിന്റെ റൂട്ട് അംഗീകരിച്ചു കൊണ്ട് എ.ഡി.എം 15.04.2017-നു നൽകിയ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ടി ഉത്തരവിനെ ബഹുമാനപ്പെട്ട ഹൈക്കോടതിയും ശരിവെയ്ക്കുകയുണ്ടായി. പ്രസ്തുത അംഗീകരിക്കപ്പെട്ട റൂട്ട് പ്രകാരമാണ് ഇപ്പോൾ ലൈൻ വലിക്കുന്നത്.

സെക്ഷൻ ഓഫീസർ